"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം നഴ്സറി ടീച്ചർ ശ്രീമതി.സി.ജി.രമണിക്ക് 15.07.2013 മുതൽ 12.01.2014 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2431/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/12/2020

---

പരാമർശം:- 1 സ.ഉ(പി) നം 8/2017/ഉഭപവ തീയതി 05.07.2017

2 ശ്രീമതി.സി.ജി.രമണി സമർപ്പിച്ച 14.9.2018 തീയതിയിലെ അവധി അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 07.3.2019 ലെ ഇ9-45468/14നമ്പർ കത്ത്

**ഉത്തരവ്**

മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം നഴ്സറി ടീച്ചർ ശ്രീമതി.സി.ജി.രമണി 15.07.2013 മുതൽ 12.01.2014 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷയും അനുബന്ധ രേഖകളും പരമാർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. ശ്രീമതി.സി.ജി.രമണിക്ക് വിദേശത്ത് പോകുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.07.2013 മുതൽ 11.11.2013വരെ അവധി അനുവദിച്ചിരുന്നു. ടിയാൾ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടിയിരുന്നെങ്കിലും വിമാന ടിക്കറ്റ് ലഭിച്ചില്ല എന്ന കാരണത്താൽ 12.01.2014 ൽ മാത്രമാണ് തിരികെ സേവനത്തിൽ പ്രവേശിച്ചത്. ആയതിനാൽ സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാതിരുന്ന 63 ദിവസത്തെ അവധി ഉൾ പ്പടെ ക്രമവൽക്കരിച്ച് ലഭിക്കുന്നതിന് ടിയാൾ അപേക്ഷ സമർപ്പിച്ചു. ശ്രീമതി.സി.ജി.രമണിക്ക് 15.07.2013 മുതൽ 11.11.2013 വരെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച അവധി റദ്ദ് ചെയ്ത് ആയത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 12.11.2013 മുതൽ 12.01.2014 വരെയുള്ള ടിയാളുടെ അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. 12.01.2014 തീയതിയിൽ ടിയാളെ സർവ്വീസിൽ പുനപ്രവേശിപ്പിച്ചുകൊണ്ട് പഞ്ചായത്ത്സെക്രട്ടറി ഉത്തരവ് നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി.സി.ജി.രമണിക്ക് 2013 കലണ്ടർ വർഷം 170 ദിവസവും 2014 കലണ്ടർ വർഷം 12 ദിവസവും ഉൾപ്പടെ ആകെ 182 ദിവസം ശൂന്യവേതനാവധിയാണ് അനുവദിക്കേണ്ടുന്നത്. പരാമർ ശം (1) പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ/മെഡിക്കൽ ആവശ്യങ്ങൾക്ക് അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ പരിധി നിലവിലുള്ള 120 ദിവസത്തിൽ നിന്നും 240 ദിവസമായി ഉയർത്തിയിരുന്നെങ്കിലും ഈ ഉത്തരവിന് മുൻകാലപ്രാബല്യം ഇല്ല. ടി സാഹചര്യത്തിൽ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 14 (ബി) പ്രകാരം ഒരു കലണ്ടർ വർഷത്തിൽ 120 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കാനേ വ്യവസ്ഥയുള്ളു.

മേൽ സാഹചര്യത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം നഴ്സറി ടീച്ചർ ശ്രീമതി.സി.ജി.രമണിക്ക് 15.07.2013 മുതൽ 12.01.2014 വരെ 2013 കലണ്ടർ വർഷം 170 ദിവസവും 2014 കലണ്ടർ വർഷം 12 ദിവസവും ഉൾപ്പടെ ആകെ 182 ദിവസം, കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 14 (ബി) പ്രകാരം പ്രസ്തുത ചട്ടങ്ങളിൽ ഇളവ് നൽകി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No.LSGD-EPA2/388/2015-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി.സി.ജി.രമണി, പാർട്ട്ടൈം നഴ്സറി ടീച്ചർ, മീനങ്ങാടി ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് ജില്ല.

സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/388/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danyell

സെക്ഷൻ ഓഫീസർ